## വനിതകളുടെ സംവിധാനത്തിലുള്ള സിനിമ

**യോഗ്യതാ മാനദണ്ഡം**

മലയാള ഭാഷാ പരിജ്ഞാനമുള്ള ഇന്ത്യൻ പൗരത്വമുള്ള വനിതാസംവിധായകർക്ക് പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്. പുതുമുഖ വനിതാസംവിധായകർക്കും പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരുടെ സിനിമ

**യോഗ്യതാ മാനദണ്ഡം**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന മലയാളഭാഷാ പരിജ്ഞാനമുള്ള ഇന്ത്യൻ പൗരത്വമുള്ള സംവിധായകരായിരിക്കണം. പുതുമുഖസംവിധായകർക്കും പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്.

കേരളസംസ്ഥാന സർക്കാർ വനിതാശാക്തീകരണത്തിന്റെയും പട്ടികജാതി പട്ടികവർഗ്ഗക്ഷേമത്തിന്റെയും കാഴ്ചപ്പാടിൽ 2022–2023 ബഡ്ജറ്റിൽ പ്രഖ്യാപിച്ച വനിതകൾ സംവിധാനം ചെയ്യുന്ന രണ്ട് മലയാളഭാഷാ ഫീച്ചർചിത്രങ്ങളുടെയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്ന വ്യക്തികൾ സംവിധാനം ചെയ്യുന്ന രണ്ട് മലയാളഭാഷാ ഫീച്ചർചിത്രങ്ങളുടെയും നിർമ്മാണ ചുമതല കെ.എസ്.എഫ്.ഡി.സി.യിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഈ അവസരം പ്രയോജനപ്പെടുത്തി സിനിമാസംവിധാനം ചെയ്യാൻ ആഗ്രഹിക്കുന്നവരിൽ നിന്നും കെ.എസ്.എഫ്.ഡി.സി. പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു.

### മുഖ്യമായും ശ്രദ്ധിക്കേണ്ടത്

- കെ.എസ്.എഫ്.ഡി.സി.യിലെ താത്ക്കാലിക/സ്ഥിരം ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല.
- മേൽപ്പറഞ്ഞ ഏതെങ്കിലും ഒരു വിഭാഗത്തിൽ മാത്രമെ ഒരു വ്യക്തിക്ക് അപേക്ഷിക്കുവാൻ പാടുള്ളൂ.
- അപേക്ഷാഫോമിൽ ഏത് വിഭാഗത്തിലേക്കാണ് പ്രൊപ്പോസൽ സമർപ്പിക്കുന്നതെന്ന് വ്യക്തമായി രേഖപ്പെടുത്തണം.
- ഒന്നിലധികം പ്രൊപ്പോസൽ സമർപ്പിക്കുന്നവരുടെ അപേക്ഷ പൂർണ്ണമായി നിരസിക്കുന്നതാണ്.
- കെ.എസ്.എഫ്.ഡി.സി. നിർമ്മിച്ച ചലച്ചിത്രങ്ങളുടെ സംവിധാനം നിർവഹിച്ചവർക്ക് കെ.എസ്.എഫ്.ഡി.സി.യുമായി കരാറിൽ ഏർപ്പെട്ട് മൂന്നുവർഷത്തിന് ശേഷം മാത്രമേ പ്രൊപ്പോസൽ സമർപ്പിക്കാൻ പാടുള്ളൂ. എന്നാൽ പ്രസ്തുതചിത്രങ്ങൾക്ക് സംസ്ഥാന, ദേശീയ പുരസ്കാരങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ അവയുടെ സംവിധായകർക്ക് പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്.



### പ്രൊപ്പോസൽ

കെ.എസ്.എഫ്.ഡി.സിക്ക് സമർപ്പിക്കുന്ന പ്രൊപ്പോസലിൽ ചുവടെപ്പറയുന്നവ ഉൾപ്പെടുത്തിയിരിക്കണം.

- വർക്കിംങ്ങ് ടൈറ്റിൽ
- ഡയറക്ടറുടെ ബയോഡേറ്റ
- സംവിധാനം ചെയ്യുവാൻ ഉദ്ദേശിക്കുന്ന സിനിമയെക്കുറിച്ച് 50 വാക്കുകൾക്കുള്ളിലുള്ള വിവരണം.
- സംവിധാനം ചെയ്യുവാൻ ഉദ്ദേശിക്കുന്ന സിനിമയുടെ 1000 വാക്കുകൾക്കുള്ളിലുള്ള (2 പേജ്) സിനോപ്സിസ്.
- വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷാഫോറം പൂരിപ്പിച്ചത്.

### മുഖ്യമായും ശ്രദ്ധിക്കേണ്ടത്

- പ്രൊപ്പോസലിൽ ഒറിജിനൽ ഫിലിം ഐഡിയ മാത്രമേ ഉൾപ്പെടുത്തുവാൻ പാടുള്ളൂ.
- മലയാളത്തിൽ ആണ് പ്രൊപ്പോസൽ സമർപ്പിക്കേണ്ടത്.
- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരുടെ സിനിമ എന്ന വിഭാഗത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.
- പ്രൊപ്പോസലിൽ പരാമർശിച്ചിരിക്കുന്ന ഫീച്ചർ ഫിലിമിന് ചുരുങ്ങിയത് 90 മിനിറ്റും പരമാവധി 120 മിനിറ്റും ദൈർഘ്യമുണ്ടായിരിക്കണം

**BANK DETAILS**
KSFDC, Canara Bank,
Vazhuthacaud Branch,
A/C: 3113 214 00 0053
IFSC: CNRB 0002607

അപേക്ഷയോടൊപ്പം മാനേജിംഗ് ഡയറക്ടർ കെ.എസ്.എഫ്.ഡി.സി.യുടെ പേരിൽ 2000/– രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷാ ഫീസിനത്തിൽ നൽകേണ്ടതാണ്. അപേക്ഷാഫീസ് താഴെക്കൊടുത്തിരിക്കുന്ന ബാങ്ക്അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്യുകയോ അല്ലെങ്കിൽ ഓൺലൈൻ/ഇല്ക്ട്രോണിക് ഫണ്ട് ട്രാൻസ്ഫറോ ചെയ്യാവുന്നതാണ്. അപേക്ഷാഫീസ് ഇപ്രകാരം ട്രാൻസ്ഫർ ചെയ്യുന്നവർ ബാങ്ക്കൗണ്ടർഫോയിൽ/യു.ടി.ആർ നം./ അനുബന്ധരേഖകൾ എന്നിവ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ രണ്ടു വിഭാഗത്തിലും പ്രൊപ്പോസൽ സമർപ്പിക്കുന്ന എസ്.സി.എസ്.റ്റി. വിഭാഗത്തിൽപ്പെടുന്ന സംവിധായകരെ അപേക്ഷാ ഫീസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വനിതകളുടെ സംവിധാനത്തിലുള്ള സിനിമാവിഭാഗത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരും ജാതിതെളിയിക്കുന്ന സർട്ടിഫിക്കറ്റ് പ്രൊപ്പോസലിനോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

ഒരു ഫീച്ചർ ഫിലിമിന് **150 ലക്ഷം** രൂപയാണ് പരമാവധി ബഡ്ജറ്റ്.
**പരമാവധി ബഡ്ജറ്റ്**

പ്രൊപ്പോസൽ സ്വീകരിക്കുന്ന അവസാന തീയതി 16.01.2023 വൈകു. 3 മണി.
**അവസാന തീയതി**

മാനേജിംഗ് ഡയറക്ടർ
ചലച്ചിത്ര കലാഭവൻ
വഴുതക്കാട്,
തിരുവനന്തപുരം
695014
**അയക്കേണ്ട വിലാസം**

പരമാവധി ബഡ്ജറ്റ് ഫീച്ചർ ഫിലിം ഒന്നിന് ഡെവലപ്പ്മെന്റ്, പ്രമോഷൻ ചെലവുകൾ ഉൾപ്പെടെ **150 ലക്ഷം** രൂപയാണ്. ഇതിൽ **110 ലക്ഷം** രൂപ ചലച്ചിത്ര നിർമ്മാണത്തിനും **40 ലക്ഷം** രൂപ ഡെവലപ്പ്മെന്റ്, പ്രമോഷൻ, ചെലവുകൾക്കായാണ് വകയിരുത്തിയിരിക്കുന്നത്.

## തെരഞ്ഞെടുക്കുന്ന രീതി

3 ഘട്ടങ്ങളിലായിട്ടാണ് സംവിധായകരെ തെരഞ്ഞെടുക്കുന്നത്



### പ്രാരംഭ സ്ക്രീനിംഗ്

കെ.എസ്.എഫ്.ഡി.സി ഡയറക്ടർബോർഡ് നിയോഗിക്കുന്ന ജൂറി നിർദ്ദിഷ്ടതീയതിക്കുള്ളിൽ ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് അടുത്തഘട്ടത്തിലേക്ക് കടക്കുവാൻ യോഗ്യമായ പ്രൊപ്പോസലുകളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. പ്രസ്തുതലിസ്റ്റ് കെ.എസ്.എഫ്.ഡി.സി വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതാണ്.


### ശിൽപശാല



ലെവൽ–1ൽ സെലക്ഷൻ ലഭിച്ച പ്രൊപ്പോസലുകൾ സമർപ്പിച്ച സംവിധായകരെ പ്രഗൽഭരായ ഫിലിം പ്രൊഫഷണൽസ് നേതൃത്വം നൽകുന്ന ശില്പശാലയിലേക്ക് ക്ഷണിക്കുന്നതാണ്. ശില്പശാലയിൽ പങ്കെടുത്ത സംവിധായകർ കെ.എസ്.എഫ്.ഡി.സി നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ സമർപ്പിക്കുന്ന ട്രീറ്റ്മെന്റ് നോട്ട് കെ.എസ്.എഫ്.ഡി.സി നിയോഗിക്കുന്ന ജൂറി വിലയിരുത്തി മൂന്നാംലെവലിലേക്ക് കടക്കാൻ യോഗ്യമായ പ്രൊപ്പോസലുകൾ തെരഞ്ഞെടുക്കുന്നതാണ്. ഇങ്ങനെ സെലക്ഷൻ ലഭിച്ച പ്രൊപ്പോസലുകളുടെവിവരം കെ.എസ്.എഫ്.ഡി.സി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

#### മുഖ്യമായും ശ്രദ്ധിക്കേണ്ടത്

- ശിൽപശാലയിൽ പങ്കെടുക്കുന്ന സംവിധായകരിൽ നിന്നും 5000/– (അയ്യായിരംരൂപ മാത്രം) രൂപ വർക്ക്ഷോപ്പ് ഫീസ് ഈടാക്കുന്നതാണ്.
- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരിൽ നിന്നും വർക്ക്ഷോപ്പ് ഫീസ്ഈടാക്കുന്നതല്ല.
- ശിൽപശാല തിരുവനന്തപുരത്തായിരിക്കും സംഘടിപ്പിക്കുക.
- 'വർക്കിംഗ്ലഞ്ച്', 'റിഫ്രെഷ്മെന്റ്സ്'എന്നിവ ശില്പശാലയിൽ പങ്കെടുക്കുന്ന സംവിധായകർക്ക് സൗജന്യമായി നൽകുന്നതാണ്.
- യാത്ര, താമസം, എന്നിവ ശില്പശാലയിൽ പങ്കെടുക്കുന്ന സംവിധായകരുടെ ഉത്തരവാദിത്വമാണ്.



### സ്ക്രീൻപ്ലേ സമർപ്പണം

ലെവൽ 2 ൽ തെരഞ്ഞെടുക്കപ്പെട്ട ട്രീറ്റ്മെന്റ് നോട്ട് സമർപ്പിച്ച സംവിധായകരിൽ നിന്നും അവരുടെ ട്രീറ്റ്മെന്റ് നോട്ട് ആസ്പദമാക്കി തിരക്കഥ തയ്യാറാക്കി സമർപ്പിക്കാൻ ആവശ്യപ്പെടുന്നതാണ്. ലെവൽ 2 ലെ റിസൾട്ട് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതിനുശേഷം പരമാവധി 45 ദിവസമായിരിക്കും തിരക്കഥ സമർപ്പിക്കാൻ നൽകുന്ന സമയം. ആവശ്യമെന്നുതോന്നുന്ന പക്ഷം സംവിധായകർക്ക് ഒരു കോ–റൈറ്ററിന്റെ സേവനം ഈ ഘട്ടത്തിൽ ഉപയോഗിക്കാവുന്നതാണ്. തിരക്കഥയുടെ 5 പകർപ്പുകളും 1 ഇംഗ്ളീഷ് പരിഭാഷയും സമർപ്പിക്കേണ്ടതാണ്. സ്ക്രീൻപ്ലേ സമർപ്പിക്കുന്ന എല്ലാ സംവിധായകരേയും പ്രഗത്ഭരായ ഫിലിം പ്രൊഫഷണൽസ് അടങ്ങുന്ന ഒരു ജൂറി തിരക്കഥ അവതരണത്തിനും അഭിമുഖത്തിനുമായി ക്ഷണിക്കുന്നതാണ്. പ്രസ്തുത ജൂറി തന്നെയായിരിക്കും ഓരോവിഭാഗത്തിൽ നിന്നും രണ്ടു വീതം തിരക്കഥകൾ നിർമ്മാണത്തിനായി തിരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട തിരക്കഥകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

മേൽപ്പറഞ്ഞ എല്ലാ ജൂറിയിലേയ്ക്കും അംഗങ്ങളെ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം പൂർണ്ണമായും കെ.എസ്.എഫ്.ഡി.സി യ്ക്കാണ്.

തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ആവശ്യമെന്ന് തോന്നുന്നപക്ഷം മാറ്റങ്ങൾ വരുത്തുവാൻ കെ.എസ്.എഫ്.ഡി.സി.ക്ക് അധികാരമുണ്ടായിരിക്കും.

ഓരോ ലെവലിലും ജൂറി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും. ഈ വിഷയത്തിൽ ഒരു പരാതിയും സ്വീകരിക്കുന്നതല്ല.

സംശയങ്ങൾക്കായി വിളിക്കേണ്ട നമ്പർ: 94476 49580, 85909 37160

**കേരളസംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ**

മാനേജിംഗ് ഡയറക്ടർ